(ഡി) എങ്കിൽ ഈ സ്ഥലത്ത് വ്യവസായ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 37 മണ്ഡലങ്ങളിൽ വ്യവസായ കേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

4 (2152) പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണം

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ പുതുതായി എത്ര വ്യവസായങ്ങൾ ആരംഭിച്ചു;

(ബി) ഇപ്രകാരം ഒരു വ്യവസായ സ്ഥാപനംപോലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി രൂപീകരിച്ച കോർപ്പസ്ഫണ്ട് ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരം അനുസരിച്ച് സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര എണ്ണം നഷ്ടത്തിൽ ആണെന്നും വ്യക്തമാക്കുമോ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുകയും എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുകയുമായിരുന്നു;

(എഫ്)ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ എത്രകോടി രൂപ ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്;

(ജി) ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം എത്രകോടി രൂപയാണ്;

(എച്ച്) വ്യവസായവകുപ്പുമന്ത്രിയുടെ ഓരോ വിദേശയാത്രയും എന്തു ലക്ഷ്യമിട്ടായിരുന്നുവെന്നും ഇതുമൂലം സംസ്ഥാനത്ത് ഇതുവരെ എത്ര വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞുവെന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിൽ സംസ്ഥാനത്ത് പൊതുമേഖലയിൽ പുതിയതായി വ്യവസായ സംരംഭങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമാണ് സർക്കാർ ഊന്നൽ നൽകിയിട്ടുള്ളത്.

(സി) ഈ ഫണ്ടിൽനിന്നും അടിയന്തിര സഹായമായി ഏകദേശം 15.49 കോടി രൂപ ടെൽക്ക്, കേരളസ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ, ഓട്ടോകാസ്റ്റ്, കേരളാ ഗാർമെന്റ്സ് എന്നീ കമ്പനികൾക്ക് അനുവദിച്ചിട്ടുണ്ട്. കോർപ്പസ്ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ധനം ലഭിക്കുന്നതിനുവേണ്ടി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി രൂപീകരിച്ച സെക്ടറൽ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്താണ് വായ്പകളായി ധനം നൽകുന്നത്. കമ്പനികളുടെ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഈ ഫണ്ടിൽ നിന്നും ധനം നൽകി തുടങ്ങുന്നതാണ്.

(ഡി) 1998-99 ൽ റിയാബ് നടത്തിയ പ്രവർത്തന അവലോകനപ്രകാരം, വ്യവസായവകുപ്പിന്റെ കീഴിലുള്ള 23 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 36 എണ്ണം നഷ്ടത്തിലും പ്രവർത്തിക്കുന്നുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 25 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 34 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുകയായിരുന്നു.

(എഫ്) ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ 41.25 കോടി രൂപ ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്.

(ജി) വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 1998-99 ലെ റിയാബിന്റെ അവലോകനപ്രകാരം 20.52 കോടി രൂപ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(എച്ച്) കേരളത്തിലെ വ്യവസായമേഖലയിൽ കൂടുതൽ മൂലധന നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനും വ്യവസായമേഖലയിൽ അന്താരാഷ്ട്രരംഗത്തെ നൂതന സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾക്ക് കൂടുതൽ വിദേശ വിപണി ലഭ്യമാക്കുന്നതിനും മറ്റും ലക്ഷ്യമിട്ടാണ് വ്യവസായ വകുപ്പുമന്ത്രി വിദേശയാത്രകൾനടത്തിയത്. ഇതിന്റെ ഫലമായി കെ.എസ്.ഐ.ഡി.സി യുമായി ചേർന്ന് വ്യവസായമാരംഭിക്കുവാൻ താത്പര്യം പ്രകടിപ്പിച്ച് ഏകദേശം 152 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന വ്യവസായ പദ്ധതികൾക്കായി ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ 2970 ലക്ഷം രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുണ്ട്. പുതിയതായി 8 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. 'അഡ്മിനാക്സലി' എന്ന വിദേശ കമ്പനിയുമായി വ്യവസായമാരംഭിക്കുവാൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. വിദേശകമ്പനികളുടെ പ്രതിനിധികൾ, കൊച്ചിയും, കാസർഗോഡും സന്ദർശിക്കുകയും ഏകദേശം 97 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന സിറാമിക് സാനിട്ടറിവെയർ യൂണിറ്റ് കാസർഗോഡ് കിൻഫ്രാ പാർക്കിൽ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly